**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3721** **12-03-2025 - ൽ മറുപടിയ്ക്ക്**

**ന്യൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പിലെ പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (എ) | പുന:ക്രമീകരിച്ചിട്ടുണ്ട്. 14.02.2025-ലെ G.O. (Rt)No.676/2025/GAD പ്രകാരം സ്കോളർഷിപ്പ് പദ്ധതികളെ പ്ലാൻ പ്രയോറൈറ്റേസേഷൻ പരിധിയിൽ നിന്നും ഒഴിവാക്കി മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പ്- ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകി വരുന്ന വിവിധ സ്കോളർഷിപ്പ് പദ്ധതികളെ പ്ലാൻ പ്രയോറട്ടൈസേഷൻ പരിധിയിൽ നിന്നും ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ )വകുപ്പ്

G.O.(Rt)No.676/2025/GAD തീയതി,തിരുവനന്തപുരം, 14-02-2025

---

പരാമർശം:-

1. G.O.(Rt) No.3713/2024/GAD, തിയതി 19.08.2024
2. G.O.(Rt) No.3709/2024/GAD, തീയതി 19.08.2024
3. G.O.(Rt) No.4919/2024/GAD, തീയതി 07.11..2024
4. G.O.(Rt) No.3721/2024/GAD, തീയതി 19.08.2024
5. G.O.(Rt) No.3668/2024/GAD, തീയതി 16.08.2024
6. G.O.(Rt) No.4435/2024/GAD, തീയതി 04.10.2024
7. G.O.(Rt) No.3723/2024/GAD, തീയതി 19.08.2024
8. G.O.(Rt) No.3669/2024/GAD, തീയതി 16.08.2024
9. G.O.(Rt) No.3714/2024/GAD, തീയതി 19.08.2024
10. G.O.(Rt) No. 165/2025/GAD, തീയതി 15.01.2025
11. G.O.(Rt) No.221/2025/GAD, തീയതി 19.01.2025
12. G.O.(Rt) No.668/2025/GAD, തീയതി 13.02.2025

ഉത്തരവ്

പരാമർശം (1) മുതൽ (9), പരാമർശം (11) എന്നിവയിലെ ഉത്തരവുകൾപ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്കായി നടപ്പ സാമ്പത്തിക വർഷം ഭരണാനുമതി

നൽകിയിരുന്നു. വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്ക് അനുവദിച്ച പദ്ധതി വിഹിതം 50 % ൽ നിജപ്പെടുത്തി പരാമർശം (10) പ്രകാരം പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു.

2) വിവിധ സ്കോളർഷിപ്പ് പദ്ധതികൾക്ക് അനുവദിച്ച പദ്ധതി വിഹിതം 50 % ൽ നിജപ്പെടുത്തി പരാമർശം (10) പ്രകാരം പുറപ്പെടുവിച്ച ഉത്തരവും, പരാമർശം (12) ലെ ഉത്തരവും റദ്ദ് ചെയ്തുകൊണ്ടും, പരാമർശം (1) മുതൽ (9) വരെയുള്ള ഉത്തരവുകൾ നില നിർത്തിക്കൊണ്ടും , പരാമർശം (11) പ്രകാരം മാർഗദീപം സ്കോളർഷിപ്പ് പദ്ധതിയ്ക്ക് നൽകിയ 9 കോടി രൂപയുടെ ഭരണാനുമതി തുക 20 കോടി രൂപയായി ഉയർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ABDUL NASAR B I A S

SPECIAL SECRETARY

ഡയറക്ടർ, ന്യൂനപക്ഷക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

ചീഫ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba Beegom A M
Date: 14-02-2025 12:12:31

സെക്ഷൻ ഓഫീസർ